ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശ്രപീകരിച്ചിട്ടുണ്ട്. 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ ശ്രപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

(ഡി) കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ലാസ്സുകൾ എടുക്കുകയും ഇന്റർനെറ്റ്, പത്ര മാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്.

സാമ്പത്തിക പ്രതിസന്ധിക്ക് കാരണങ്ങൾ

18 (*198) ശ്രീ. സാജു പോൾ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ.ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവു നിയന്ത്രിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഉന്നതതല കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ അവഗണിച്ചത് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ശ്രക്ഷമാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിന് ബാദ്ധ്യതയാകുന്ന അധിക ചെലവുകൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ ; എയ്ഡഡ് മേഖലയിൽ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചതുപോലുള്ള നടപടികൾ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാൻ കാരണമായിട്ടുണ്ടോ ;

(സി) സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ ;

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കിയായ തുക മുഴുവനും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മൊത്തം തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് ആസൂത്രണ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയുടെ അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വിവിധ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് സമിതിയെ നിയമിച്ചിരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ അടിസ്ഥാന മേഖലകളിൽ പണം ചെലവഴിക്കുന്നത് ബാദ്ധ്യതയായി സർക്കാർ കാണുന്നില്ല. ഇത്തരം മേഖലകളിലെ ചെലവുകൾ അധിക വിഭവ സമാഹരണത്തിലൂടെ കണ്ടെത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(സി) സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം കർശനമായി പാലിക്കണമെന്ന് 1-10-2013-ലെ സർക്കുലർ നമ്പർ 696/എസ് സി. 1/2013/ ജി.എ.9(എസ് സി.) പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാവുന്നതാണെന്നും ചട്ടം അനുശാസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 19-9-2014-ലെ സ.ഉ.(പി) നമ്പർ 399/2014 /ധന ഉത്തരവ് പ്രകാരം റവന്യൂ കടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ.(പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31-3-2013-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. വകുപ്പുതല കണക്കുകൾ പ്രകാരം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ നികുതി കുടിശ്ശിക 12741.96 കോടി രൂപയാണ്.

ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതി

19 (*199) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുന്ന ഏജൻസികളെ തിരഞ്ഞെടുക്കുന്നത് ഏതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്, വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly